DESPATCHED
On..04/06/2020

29/02/2020

സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561603/2332533, Fax: 0471 2330920
Email: sic.ker@nic.in

ഹർജി നമ്പർ AP.No.1156(4)/2013/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
File No.2005/SIC-Gen 2/2013
സന്നിഹിതൻ
ശ്രീ.കെ.വി.സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. കെ. ശ്രീധരൻ,
കുന്നത്ത് ഹൗസ്,
കുന്ദമംഗലം പി.ഒ., M.I.E.,
കോഴിക്കോട് – 673 571.
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്,
കൊടുവള്ളി,
കോഴിക്കോട് – 673 572.

2. അപ്പീൽ അധികാരി,
സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്,
കൊടുവള്ളി,
കോഴിക്കോട് – 673 572.
} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ചെത്തു കടവ് ഓട്ടോറിക്ഷകളെപ്പറ്റി നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികളെപ്പറ്റി അറിയിക്കുന്നതിനായി 24.08.12ൽ ഒന്നാം എതിർകക്ഷിക്കു സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് കൃത്യമായ മറുപടി ലഭിച്ചില്ല എന്നതാണു പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 24.06.13ന് കമ്മീഷൻ എതിർകക്ഷികളോട് റിപ്പോർട്ട് ആവശ്യപ്പെട്ടു. ഇതനുസരിച്ച് ഒന്നാം എതിർകക്ഷി 02.07.13ൽ റിപ്പോർട്ട് നൽകി. റിപ്പോർട്ടിൽ ഇപ്രകാരം പറയുന്നു.

"കോഴിക്കോട് ജില്ലയിൽ ചെത്തുകടവു പ്രദേശത്തെ ഓട്ടോറിക്ഷകളുമായി ബന്ധപ്പെട്ട് ഒട്ടേറെ പരാതികൾ ശ്രീ. കെ.ശ്രീധരൻ (അപ്പീൽ ഹർജിക്കാരൻ) സമർപ്പിക്കുകയുണ്ടായി. ആയതു കാലാകാലങ്ങളിൽ പരിശോധിക്കുകയും നടപടിയെടുക്കുകയും ചെയ്തിട്ടുണ്ട്. ശ്രീ. കെ. ശ്രീധരനിൽ നിന്നു ലഭിച്ച പരാതികളുടെയും, അയച്ചു കൊടുത്ത മറുപടികളുടെയും കോപ്പി ഇതോടൊപ്പം അയക്കുന്നു. 24.08.12നുള്ള അപേക്ഷയുടെ മറുപടി 22.09.12ന് നൽകിയിട്ടുണ്ട്. ഒറിജിനൽ ഫയൽ നിരന്തര പരിശോധനയിൽ കണ്ടു കിട്ടിയിട്ടില്ല ആയത് കണ്ടുപിടിച്ച് കോപ്പികൾ അയച്ചു തരുന്നതാണ്."

3. ഒന്നാം എതിർകക്ഷിയുടെ റിപ്പോർട്ടിൽ നിന്നു മനസ്സിലാകുന്നത് അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണമായി നൽകിയിട്ടില്ലെന്നാണ്. ഒറിജിനൽ ഫയൽ കണ്ടുപിടിച്ച് കോപ്പികൾ അയച്ചു തരുന്നതാണെന്ന് ടിയാൻ റിപ്പോർട്ടിന്റെ അവസാന ഭാഗത്തു പറയുന്നുണ്ടെങ്കിലും, അത്തരമൊരു പകർപ്പ് കമ്മീഷന് ലഭിച്ചിട്ടില്ല. അതുകൊണ്ട് സ്വാഭാവികമായും ഇത് അപ്പീൽ ഹർജിക്കാരനും ലഭിച്ചിരിക്കാൻ ഇടയില്ല.

4. ആയതുകൊണ്ട്, ഈ ഉത്തരവ് ലഭിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ ഒന്നാം എതിർകക്ഷി പൂർണമായ വിവരങ്ങൾ അപ്പീൽ ഹർജിക്കാരന് നൽകുകയും, വിവരം കമ്മീഷനെ അറിയിക്കുകയും ചെയ്യേണ്ടതാണ് എന്ന് നിർദ്ദേശിച്ചുകൊണ്ട് അപ്പീൽ ഹർജി ഇന്നേ ദിവസം, 2020 ഫെബ്രുവരി മാസം 29-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി.സുധാകരൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

**കമ്മീഷൻ സെക്രട്ടറി**

gk.